ഉത്തരം

തിരുവനന്തപുരം ജില്ലയിലെ വെള്ളായണി പുഞ്ചപാടശേഖരത്തിൽപ്പെടുന്ന 320 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന്, പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 20.58 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 16-12-2004-ലെ ജി.ഒ.(ആർ‌ടി.) 1947/04/എഡി നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യാവകാശ കമ്മീഷന്റെ 4-1-2005-ലെ 36/05 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ താല്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

കാർഷികാവശ്യത്തിന് നൽകിവരുന്ന സൗജന്യ കാർഷിക വൈദ്യുതി

115 [2732] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യത്തിനായി കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ്ജ് ബോർഡിന് നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) സൗജന്യമായി മുൻകാലങ്ങളിൽ കർഷകർക്ക് വൈദ്യുതി നൽകിയ ഇനത്തിൽ വൈദ്യുതി ചാർജ്ജ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാത്തതിനാൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൻമൂലം കൃഷി നശിച്ച കർഷകരെ സഹായിക്കുവാൻ കൃഷിവകുപ്പ് എന്തെങ്കിലും ധനസഹായം നൽകുകയുണ്ടായോ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് 2 ഹെക്ടർ വരെ പരിധി നിശ്ചയിച്ചും വൈദ്യുതി സൗജന്യം നൽകിവരുന്നു.

സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ പേരും വിശദവിവരങ്ങളും അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ രണ്ട് പകർപ്പ് വൈദ്യുതി ബോർഡിന്റെ അതത് സെക്ഷൻ ഓഫീസിൽ മൂന്നു മാസത്തിലൊരിക്കൽ കൃഷി ഓഫീസർ തയ്യാറാക്കി നൽകുന്നു. ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ കർഷകരും അടയ്ക്കേണ്ട തുക സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി മൊത്തം തുകയ്ക്കുള്ള ഒരു ഇൻവോയിസും സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പുമടക്കം കൃഷി ഓഫീസറെ ഏൽപ്പിക്കുന്നു. പ്രസ്തുത ഇൻവോയിസും സ്റ്റേറ്റ്മെന്റും ലഭിച്ച് 10 ദിവസത്തിനകം തുക മാറി കൃഷി ഓഫീസിൽ നിന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നു. ഈ നടപടിക്രമമാണ് 1-4-1999 മുതൽ അനുവർത്തിച്ചുപോരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക അടയ്ക്കുന്നില്ല എന്ന കാരണത്താൽ വൈദ്യുതി ബോർഡ് അധികൃതർ കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി പരാതികൾ ലഭിച്ചതിനെത്തുടർന്ന് ഇക്കാര്യം ബോർഡ് അധികൃതരുമായി ചർച്ചചെയ്യുകയും കുടിശ്ശിക അടയ്ക്കുന്നില്ലാ എന്ന കാരണത്താൽ കണക്ഷൻ വിച്ഛേദിക്കുന്നതല്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് മുൻകാല കുടിശ്ശികയടക്കം നൽകാനുള്ള 61.15 കോടി രൂപയിൽ നടപ്പു വർഷം 18 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക കൂടി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കണക്ഷൻ വിച്ഛേദിച്ചവർക്ക് അതു പുനഃസ്ഥാപിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അല്ലാതെ കർഷകർക്ക് പ്രത്യേക ധനസഹായമൊന്നും അനുവദിച്ചിട്ടില്ല.

റിപ്പോർട്ട് ചെയ്ത കൃഷി ഓഫീസർ ഒഴിവുകൾ

116 [2733] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഓഫീസർ നിയമനത്തിനായി പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ ഇതുവരെയായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവ എപ്പോൾ റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 151 ഉദ്യോഗാർത്ഥികളെ ഇതുവരെയായി നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ കൃഷി ഓഫീസർമാരുടെ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly